പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*576 28.7.2015 ൽ മറുപടിയ്ക്ക്

<u>സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി</u>

ചോദ്യം മറുപടി

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.എം.പി.വിൻസെന്റ്
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.ബെന്നി ബെഹനാൻ

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) വൈകല്യം മുൻകൂർ കണ്ടുപിടിക്കുക, തടയുക, ഇടപെടുക, വൈകല്യ ബാധിതരുടെ വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നീ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി)ഭരണതലത്തിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് എന്ന പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി G.O(Ms)No.46/2012/SWD തീയതി 30.7.2012 സർക്കാർ ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ എടുക്കുന്നത് ഈ കമ്മിറ്റിയാണ്. ടി പദ്ധതി നടത്തിപ്പിനും മേൽനോട്ടത്തിനുമായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ Implementation and monitoring Committee രൂപീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ ടി പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരള സാമൂഹ്യ സുരക്ഷാ മിഷനെയും പ്രോജക്ട് ഡയറക്ടറായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതി നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ